## 700

*രീതി: അനുഗ്രഹത്തിന്നധിപതിയേ*

1 അനുദിനവും അരികിലുള്ള അരുമനാഥൻ മതിയെനിക്ക്
അനവധിയായ് അനുഗ്രഹങ്ങൾ അരുളിയെന്നെ അണയ്ക്കുമവൻ-

2 ഒരു നിമിഷം മറന്നിടാതെ ഒരു ദിനവും കൈവിടാതെ
തിരുചിറകിൽ മറവിലെന്നെ ചേർത്തണയ്ക്കും നാഥനവൻ

3 ഏറിവരും ആധികളിൽ ഏകനല്ല പാരിതിൽ ഞാൻ
ഏവരും കൈവിട്ടെന്നാലും ഏറ്റവും നൽ മിത്രമവൻ-

4 പാരിതിലെൻ പാതയിൽ ഞാൻ പതറിടാതെ പരിപാലിക്കും
പരമനാഥൻ മറവിടമാം പരമപദം അണയുവോളം- **P.J.A.**